മിസ്റ്റർ പി. ഗോവിന്ദമേനോൻ : പല പരിഷ്ക്കാരങ്ങളും അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തൃപ്പൂണിത്തുറയിലുള്ള ഗ്രന്ഥലൈബ്രറി പൊതുജനങ്ങൾക്ക സാധാരണ വായിക്കുവാനുള്ളതല്ലെന്നു പറഞ്ഞുവല്ലൊ. പിന്നെ എന്തിനുള്ളതാണ് ആ ലൈബ്രറി ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഞാൻ ധരിച്ചിരിക്കുന്നതു് അതു ഗ്രന്ഥശേഖരണത്തെ മാത്രമുദ്ദേശിച്ചുള്ളതാണെന്നാണു്. അതിൽ താളിയോലഗ്രന്ഥങ്ങളും മറ്റും ഉൾപ്പെട്ടതു.

DAMAGE TO BENGAL GRAM (KADALAI)

334. മിസ്റ്റർ എം. ഒ. തോമക്കുട്ടി : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സഭയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ മകരമാസത്തിൽ എറണാകുളം കായലിൽ ഗവൺമെണ്ടുവക ഉദ്ദേശം ൪ ൦ ൦ ചാക്ക കടല മുക്കിക്കളയുകയോ, മുങ്ങുകയോ ഉണ്ടായിട്ടുണ്ടോ;

(ബി) അതിനെപ്പറ്റി വല്ല അന്വേഷണങ്ങളും നടത്തിയിട്ടുണ്ടോ;

(സി) അന്വേഷണത്തിന്റെ ഫലമായി എന്തു നിവൃത്തിയാണു ചെയ്തിരിക്കുന്നതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) കൊച്ചി കായലിൽ ൨ ൫൦ ചാക്ക കടല തോണി അപകടത്തിൽപെട്ടു നനഞ്ഞു പോകുകയുണ്ടായി.

(ബി) ഉവ്വ്.

(സി) അന്വേഷണം പൂർത്തിയായിട്ടില്ല.

ADMISSION TO THE MAHARAJA'S TECHNOLOGICAL INSTITUTE

335. Mr. K. I. Velayudhan *(Ezhuvas-Talappalli)*: Will Government be pleased to state.—

(*a*) how many applications were there for admission to the Maharaja's Technological Institute, Trichur, (a caste-war statement of the same may be furnished);

(*b*) how many admissions were made to the said Institution and (a caste-war statement of the same may be furnished) ;

(*c*) is it a fact that preferences were given to the sons or nearest relatives of those employed in the Engineering Department ;

(*d*) under whose supervision these selections were made ?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) 285 (Caste-war statement is appended). *(Appendix II)*

(*b*) 100 do.

(*c*) No.

(*d*) Selections were made by the Principal.

മിസ്റ്റർ കെ. ഐ. വേലായുധൻ : ഈ ൨ ൦ ൦ പേരെ എടുത്തതിനു ശേഷം രണ്ടാമതും കുട്ടികളെ എടുത്തിട്ടുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതിനു നോട്ടീസ്സ് ഇല്ലാതെ പറയുവാൻ സാധിക്കുകയില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ് : മുസ്ലീമിങ്ങളിൽനിന്നു നാലു് അപേക്ഷകന്മാർ ഉണ്ടായിരുന്നിട്ടു് അതിൽ രണ്ടുപേരെ മാത്രം എടുത്തു് എന്തുകൊണ്ടാണു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അഡ്മിഷന്റെ കാര്യത്തിൽ ചില റൂളുകളൊക്കെയുണ്ടു്. അതനുസരിച്ചു രണ്ടുപേർക്ക മാത്രമേ കൊടുക്കുവാൻ സാധിച്ചിട്ടുണ്ടാവുകയുള്ളു.

മിസ്റ്റർ പി. എ മുഹമ്മദ് അഷ്റഫ് ; എന്താണു് ആ റൂൾ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : റൂളിനെ സംബന്ധിച്ചുള്ള വിവരങ്ങളും ഈ സെക്ഷനിൽതന്നെ ഒരിക്കൽ മേശപ്പുറത്തു വെച്ചിട്ടുണ്ടായിരുന്നു.

Mr. P. A. Mohammed Ashrof *(Cranganur)*: The rules placed on the Council table in answer to a question some days back clearly lay down that all applicants from certain communities, one of them being Muslim Community, will be admitted. Do the same Rules apply for admission to the Maharaja's Technological Institute, Trichur.

LIBRARY ARCHIVES Kerala Legislative Assembly